(ബി) അതിനുവേണ്ടി എന്തെല്ലാം പ്രത്യേക നടപടികളെടുക്കുവാനുദ്ദേശിക്കുന്നു എന്നും അവ എന്നുമുതൽ നടപ്പാക്കിത്തുടങ്ങുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) (i) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതിയിൽ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ ഒരു പ്രത്യേക ഘടകമായി തയ്യാറാക്കി നടപ്പാക്കിവരുന്നു.

(ii) കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള 'ആശ്രയ പരിപാടി' ദരിദ്രരിൽ ഏറ്റവും ദരിദ്രരായ അഗതികളുടെ ക്ഷേമത്തിനായുള്ള പരിപാടിയാണ്. 147 ഗ്രാമ പഞ്ചായത്തുകൾ ആശ്രയ പരിപാടി ഏറ്റെടുത്തിട്ടുണ്ട്.

(iii) എസ്. ജി. ആർ. വൈ., എസ്. ജെ. എസ്. ആർ. വൈ, ദേശീയ ചേരി വികസന പരിപാടി, വാല്മീകി, അംബേദ്കർ ഭവന പദ്ധതി മുതലായ കേന്ദ്രാവിഷ്കൃത പരിപാടികളും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായി നടപ്പാക്കിവരുന്നുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ നിർണ്ണയിക്കുന്നതിനുള്ള സൂചിക

18 [18] ശ്രീ. വി. ഡി. സതീശൻ:
,, എ. സുജനപാൽ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, ലൂഡി ലൂയിസ്:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ നിർണ്ണയിക്കുന്നത് സംബന്ധിച്ച സൂചികയ്ക്ക് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഈ സൂചികയ്ക്ക് മാറ്റം വരുത്തുമ്പോൾ അനർഹർക്ക് ആനുകൂല്യം ലഭിക്കുന്നത് തടയുവാനും അർഹതയുള്ളവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കുവാനും ശ്രദ്ധ പതിപ്പിക്കുമോ;

(ഡി) ഈ സൂചികയ്ക്ക് മാറ്റം വരുത്തുന്നതിന് മുൻപായി രാഷ്ട്രീയ കക്ഷികളുമായി ചർച്ച നടത്താനുദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, സി & ഡി) ഉണ്ട്. കുടുംബശ്രീ നടപ്പാക്കുന്നതിന് വേണ്ടി ഇപ്പോൾ അവലംബിച്ചിട്ടുള്ള ഒൻപതിന സാമ്പത്തിക ഇതര (നോൺ-മോണിട്ടറി) സൂചകങ്ങൾ പരിഷ്കരിക്കപ്പെടേണ്ടതാണെന്ന് 1999-ൽ ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് നടത്തിയ ഒരു പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. അതിനാൽ ദാരിദ്ര്യാവസ്ഥ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് ഭരണ നവീകരണ പരിപാടിയുടെ കീഴിൽ സുതാര്യമായ ഒരു സൂചകം വികസിപ്പിച്ചെടുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

വികേന്ദ്രീകൃത ആസൂത്രണ പരിപാടികൾക്ക് ലഭിച്ച വിദേശ ധനസഹായം

19 [19] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-2001 കാലയളവിൽ വികേന്ദ്രീകൃത ആസൂത്രണവുമായി ബന്ധപ്പെട്ട് പരിശീലനം, പ്രചാരണം, നിർവ്വഹണം എന്നിവയ്ക്ക് ഏതെങ്കിലും തരത്തിലുള്ള വിദേശ ധനസഹായം കേരളത്തിലെ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ലഭിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് ഈ ധനസഹായം ലഭിച്ചുവെന്ന് അറിയിക്കാമോ;

(സി) ഇതിൽ എത്ര തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ച് നൽകിയിട്ടുണ്ട്;

(ഡി) വിദേശ ധനസഹായം വഴി ഉണ്ടായ ഭൗതിക നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ഇ) തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി 9-ാം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിദേശ ധനസഹായം സ്വീകരിക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളിൽനിന്ന് മുൻകൂർ അനുമതി ഏതെങ്കിലും സ്ഥാപനമോ വ്യക്തികളോ ആവശ്യപ്പെട്ടിരുന്നോ;

(എഫ്) ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly